**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4736** **11-08-2021 - ൽ മറുപടിയ്ക്ക്**

**കുട്ടികളിൽ ലഹരി ഉപയോഗത്തിന്റെ വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുട്ടികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കുട്ടികൾ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലവിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; 2018-19, 2019-20 എന്നീ വർഷങ്ങളിലെ കണക്കുകൾ അറിയിക്കുമോ; | (ബി) | നിലവിൽ 256 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2018-19 കാലയളവിൽ 139 കേസുകളും, 2019-20 കാലയളവിൽ 95 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | കുട്ടികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (സി) | കുട്ടികളിലെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതോടൊപ്പം "വിമുക്തി"യുടെ ഭാഗമായി ബോധവൽക്കരണ ക്ലാസ്സുകളും മറ്റ് വൈവിദ്ധ്യമാർന്ന ബോധവൽക്കരണ പരിപാടികളും നടത്തി വരുന്നു. എൻ.എസ്.എസ്, എസ്.പി.സി., എൻ.സി.സി എന്നിവയുമായി സഹകരിച്ച് കുട്ടികൾക്കിടയിൽ ലഹരി ഉപയോഗം നടക്കുന്നുണ്ടെങ്കിൽ അത്തരം കുട്ടികളെ കൗൺസിലിംഗിന് വിധേയമാക്കുന്നു. സ്കൂൾ സംരക്ഷണ സമിതി, രക്ഷാകർത്തൃസമിതി എന്നിവരുമായി സഹകരിച്ച് സ്കൂളിന് സമീപത്തുള്ള ലഹരി വിൽപ്പനക്കാരുടെ നീക്കങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള ശരിയായ അറിവ് നൽകുന്നതിന് ഷോർട്ട് ഫിലിമുകൾ, ലഹരിക്കെതിരെയുള്ള സംവാദം, പ്രഭാഷണം തുടങ്ങിയവ തയ്യാറാക്കി വിക്ടേഴ്സ് ചാനൽ വഴിയും, നവമാധ്യമങ്ങൾ വഴിയും സംപ്രേഷണം നടത്തുന്നതിന് പുറമേ സൈക്കോളജിസ്റ്റുകൾ, സൈക്യാട്രിസ്റ്റുകൾ, മറ്റ് പ്രമുഖ വ്യക്തികൾ എന്നിവരുടെ ചെറു വീഡിയോകൾ തയ്യാറാക്കി ഫെയ്സ് ബുക്ക്, വാട്ട്സ് ആപ്പ് മുതലായ |

| | | | |
|---|---|---|---|
| | | | നവമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും എല്ലാ മാസവും വെബിനാറുകൾ നടത്തുകയും ചെയ്യുന്നു. |
| (ഡി) | വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ബോധവൽക്കരണമുൾപ്പെടെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സ്കൂളുകളിലും കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുകയും, ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. സ്കൂൾ തലത്തിൽ 4842 ലഹരി വിരുദ്ധ ക്ലബ്ബുകളും, കോളേജ് തലത്തിൽ 899 ക്ലബ്ബുകളും രൂപീകരിച്ചിട്ടുണ്ട്. ലഹരി വിരുദ്ധ സന്ദേശം നൽകുന്ന ചിത്രരചനാ മത്സരം, ഉപന്യാസ മത്സരം, ക്വിസ് മത്സരം തുടങ്ങിയ വിവിധങ്ങളായ മത്സരങ്ങളും നടത്തുന്നു. വിദ്യാർത്ഥികളുടെ ശ്രദ്ധ ലഹരിയിലേക്ക് പോകാതിരിക്കാൻ കായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ ആരോഗ്യം നിലനിർത്തുന്നതിനും സംസ്ഥാനത്തെ സ്കൂളുകളിൽ 'ഉണർവ്വ്' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ തിരഞ്ഞെടുക്കപ്പെട്ട 4 സ്കൂളുകളിൽ 'ഉണർവ്വ്' പദ്ധതി നടപ്പാക്കുന്നതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ